ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **പ്രിയങ്ക ഗാന്ധിയിലൂടെ വയനാട് ലോക്സഭാ സീറ്റ് നിലനിർത്തി യുഡിഎഫ്; ചേലക്കരയിൽ നിന്ന് എൽഡിഎഫിന്റെ യു ആർ പ്രദീപും പാലക്കാട്ടുനിന്ന് യുഡിഎഫിന്റെ രാഹുൽ മാങ്കൂട്ടത്തിലും കേരള നിയമസഭയിലേക്ക്.**

   **Congress leader Priyanka Gandhi Won Wayanad Lok Sabha Seat; UR Pradeep of LDF from Chelakkara and Rahul Mankootathil of UDF from Palakkad won assembly by-poll seats.**

2. **മഹാരാഷ്ട്രയിൽ ബിജെപി നേതൃത്വത്തിലുള്ള മഹായുതി സഖ്യം അധികാരത്തിലേക്ക്; ഝാർഖണ്ഡിൽ I N D I സഖ്യത്തിന് ഭൂരിപക്ഷം; J M M ഏറ്റവും വലിയ ഒറ്റക്കക്ഷി.**

   **BJP-led Mahayuti alliance heads for power in Maharashtra; JMM led INDIA Bloc set to retain power in Jharkhand.**

3. **നിയമസഭാ ഉപതിരഞ്ഞെടുപ്പുകളിൽ ഉത്തർപ്രദേശിൽ 9ൽ ആറിലും രാജസ്ഥാനിൽ ഏഴിൽ അഞ്ചിലും ബിജെപി; പശ്ചിമ ബംഗാളിൽ ആറും ജയിച്ച് TMC; പഞ്ചാബിൽ നാലിൽ മൂന്നും AAP-ക്ക്; കർണാടകത്തിൽ മൂന്നു സീറ്റിലും കോൺഗ്രസിനു ജയം**

**In assembly by-pollss, BJP ahead in six out of nine seats in UP and five out of seven seats in Rajasthan; TMC heading towards win in all six seats in West Bengal and in Punjab ruling AAP ahead in three out of four seats; Congress win all three in Karnataka.**

4. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11ന്**

**PM Modi to share his thoughts in 'Mann Ki Baat' programme tomorrow**

5. **ഓസ്‌ട്രേലിയക്കെതിരെ പെർത്തിൽ നടക്കുന്ന ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിങ്സിൽ ഇന്ത്യ മികച്ച ലീഡിലേക്ക്.**

**PM Modi to share his thoughts in 'Mann Ki Baat' programme tomorrow**

**&&&&&&&&&&&&&&&&&&**

## KERALA BYPOLL-GENERAL

കേരളത്തിൽ ഉപതെരഞ്ഞെടുപ്പ് നടന്ന വയനാട് ലോക്സഭാ മണ്ഡലവും പാലക്കാട് നിയമസഭാസീറ്റും നിലനിർത്തി UDF. ചേലക്കര നിയമസഭാ സീറ്റ് LDF ഉം നിലനിർത്തി. വയനാട്ടിൽ നാലു ലക്ഷത്തി 11 ആയിരത്തോളം വോട്ടിൻറെ ഭൂരിപക്ഷത്തിനാണ് പ്രിയങ്ക ഗാന്ധി വിജയിച്ചത്. LDF-ന്റെ സത്യൻ മൊകേരിയെയാണു പ്രിയങ്ക പരാജയപ്പെടുത്തിയത്. ശക്തമായ ത്രികോണമൽസരം നടന്ന പാലക്കാട്ട് യുഡിഎഫിന്റെ രാഹുൽ മാങ്കൂട്ടത്തിൽ 18,840 വോട്ടിന് ജയിച്ചു. NDA സ്ഥാനാർഥി സി കൃഷ്ണകുമാറിനെയാണ് രാഹുൽ തോൽപ്പിച്ചത്.

ചേലക്കരയിൽ എൽ.ഡി.എഫിന്റെ യു ആർ പ്രദീപ് 12,201 വോട്ടിന് UDF-ന്റെ രമ്യ ഹരിദാസിനെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

**PRIYANKA GANDHI–RESPONSE–INTRO**

പാർലമെന്റിൽ വയനാടിന്റെ ശബ്ദമാകുമെന്നും രാഹുലിൻ്റെ പിൻഗാമിയായി വയനാടിനെ പ്രതിനിധാനം ചെയ്യുമെന്നും പ്രിയങ്ക ഗാന്ധി പ്രതികരിച്ചു.
(വോയ്സ്)

&&&&&&&&&&&&&&&&&&

**UDF – RESPONSE**

വയനാട്ടിലും പാലക്കാടും മികച്ച വിജയം നേടാനായത് യു.ഡി.എഫിലെയും കോൺഗ്രസിലെയും കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ഒത്തൊരുമയുടെ വിജയമാണിതെന്ന് പാലക്കാട്ടെ യു ഡി എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**LDF – RESPONDS**

തിരഞ്ഞെടുപ്പിൽ ഭരണവിരുദ്ധവികാരം പ്രകടമായില്ലെന്നു, മൂന്നാം ഭരണത്തിലേക്ക് എൽഡിഎഫ് പോകുമെന്നതിന്റെ സൂചനയാണ് തെരഞ്ഞെടുപ്പ് ഫലമെന്നും സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു. സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ ശ്രമിച്ചതിന്റെ തെളിവാണ് ചേലക്കരയിലെ വിജയമെന്ന് യു ആർ പ്രദീപ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## NDA-RESPONSE

കേരളത്തിൽ ഒരു രാഷ്ട്രീയമാറ്റവും സൃഷ്ടിക്കാൻ ഉപതിരഞ്ഞെടുപ്പ് ഫലത്തിന് കഴിയില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. പാലക്കാട് വോട്ടു ശതമാനത്തിലുണ്ടായ കുറവിന്റെ കാരണം പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## MH-JH ELECTION GENERAL

നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിൽ 223 സീറ്റിൽ ലീഡ് നേടി ബിജെപി ഉൾപ്പെട്ട മഹായുതി സഖ്യം അധികാരം നിലനിർത്തി. ഝാർഖണ്ഡിൽ 56 സീറ്റിൽ ലീഡ് കരസ്ഥമാക്കി ഐ.എൻ.ഡി.ഐ സഖ്യവും അധികാരമുറപ്പിച്ചു. ഇരു സംസ്ഥാനങ്ങളിലും വോട്ടെണ്ണൽ അവസാനഘട്ടത്തിലാണ്. മഹാരാഷ്ട്രയിൽ ഫലം പുറത്തുവന്ന 212 സീറ്റുകളിൽ ബിജെപി 92 ഇടത്തും എൻ സി പി 34 ഇടത്തും വിജയിച്ചു. ശിവസേന -SHS വിഭാഗം 43 സീറ്റും ശിവസേന -ഉദ്ധവ് താക്കറെ വിഭാഗം 17 സീറ്റും നേടി. കോൺഗ്രസിന് 10 സീറ്റ് ലഭിച്ചു. ഝാർഖണ്ഡിൽ ഫലം പുറത്തുവന്ന 66 സീറ്റിൽ ജെഎംഎം 28 ഇടത്തും ബിജെപി 17 ഇടത്തും ജയിച്ചു. കോൺഗ്രസ് 12 സീറ്റ് നേടി.

&&&&&&&&&&&&&&&&&&&

## MAHA-JITHENDRA SINGH-INTRO

മഹാരാഷ്ട്രയിലെ മുന്നേറ്റത്തിൽ പ്രധാന പങ്ക് വഹിച്ചത് പ്രധാനമന്ത്രിയുടെ അർപ്പണബോധവും ഇച്ഛാശക്തിയും ആണെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. രാജ്യത്തുടനീളം

നടപ്പിലാക്കിയ ക്ഷേമ- വികസന പദ്ധതികൾ മഹാരാഷ്ട്രയെ ഉയർച്ചയിലേക്കു നയിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

&&&&&&&&&&&&&&&&&&

**PM- POLL RESULTS**

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിൽ എൻഡിഎയ്ക്ക് ചരിത്രജയം സമ്മാനിച്ചതിന് സംസ്ഥാനത്തെ ജനങ്ങൾക്ക്, പ്രത്യേകിച്ച് യുവജനങ്ങൾക്കും സ്ത്രീകൾക്കും നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസനവും സദ്ഭരണവുമാണ് മഹാരാഷ്ട്രയിൽ വിജയിച്ചതെന്നും സമൂഹമാധ്യമത്തിൽ അദ്ദേഹം കുറിച്ചു.

&&&&&&&&&&&&&&&&&&

**HEMANTH SOREN-INTRO**

ഝാർഖണ്ഡ് തിരഞ്ഞെടുപ്പിൽ ഐ എൻ ഡി ഐ സഖ്യത്തിന് മികച്ച വിജയം നേടാൻ കഴിഞ്ഞതിൽ ജനങ്ങളോട് സന്തോഷം അറിയിച്ച് JMM നേതാവ് ഹേമന്ത് സൊറേൻ. കന്നിവോട്ടർമാർക്കും ജനാധിപത്യത്തിന്റെ ശക്തി ജനങ്ങളിൽ എത്തിച്ച എല്ലാവർക്കും അദ്ദേഹം നന്ദി അറിയിച്ചു.

( ഹോൾഡ് വോയിസ് )

&&&&&&&&&&&&&&&&&&

**BY POLLS 1**

ഉപതെരഞ്ഞെടുപ്പു നടന്ന ഉത്തർപ്രദേശിലെ 9 നിയമസഭാ മണ്ഡലങ്ങളിൽ ആറിടത്ത് ബി ജെ പി യും രണ്ടിടത്ത് സമാജ്‌വാദി പാർട്ടിയും ഒരിടത്ത് രാഷ്ട്രീയ ലോക് ദളും വിജയിച്ചു. ഏഴു മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടന്ന

രാജസ്ഥാനിൽ അഞ്ചിടത്ത് ബി ജെ പിയും ഒരിടത്ത് കോൺഗ്രസും ഒരിടത്ത് ഭാരത് ആദിവാസിപാർടിയും വിജയിച്ചു.

&&&&&&&&&&&&&&&&&&

**BY POLLS 2**

പശ്ചിമ ബംഗാളിൽ ആറു മണ്ഡലങ്ങളും തൃണമൂൽ കോൺഗ്രസിന്. അസമിലെ അഞ്ചിൽ രണ്ടിടത്ത് ബിജെപി ജയിച്ചപ്പോൾ അസം ഗണപരിഷദും യുണൈറ്റഡ് പീപ്പിൾസ് പാർട്ടി ലിബറലും ഓരോ സീറ്റ് നേടി. ഒരിടത്ത് ബിജെപി മുന്നിലാണ്. ബിഹാറിലെ 4ൽ ബിജെപി രണ്ടും ഹിന്ദുസ്ഥാനി അവാമി മോർച്ചയും ജെഡിയുവും ഓരോ സീറ്റും നേടി. പഞ്ചാബിലെ നാലു മണ്ഡലങ്ങളിൽ മൂന്നിടത്ത് ആം ആദ്മി പാർട്ടിയും ഒരിടത്ത് കോൺഗ്രസും ജയിച്ചു. കർണാടകയിലെ മൂന്ന് മണ്ഡലങ്ങളും കോൺഗ്രസ് നേടി. ഗുജറാത്തിലും ഉത്തരാഖണ്ഡിലും ഛത്തീസ്ഗഢിലും ബിജെപിക്ക് ജയം.

&&&&&&&&&&&&&&&&&&

**BY POLLS 3**

മധ്യപ്രദേശിൽ ഉപതെരഞ്ഞെടുപ്പ് നടന്ന രണ്ടു മണ്ഡലങ്ങളിൽ, ബി ജെ പി യും കോൺഗ്രസ്സും ഓരോ സീറ്റ് വീതം നേടി. മേഘാലയയിൽ നാഷണൽ പീപ്പിൾസ് പാർട്ടിക്കു ജയം. സിക്കിമിലെ രണ്ടു നിയമസഭാ സീറ്റിൽ ഭരണകക്ഷിയായ സിക്കിം ക്രാന്തികാരി മോർച്ച എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11ന്. പരിപാടിയുടെ 116-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും 'മൻ കീ ബാത്' കേൾക്കാം.

&&&&&&&&&&&&&&&&&&

## PM-QUIZ

'ഇന്ത്യയെ അറിയൂ' പ്രശ്നോത്തരിയിൽ മറ്റു രാജ്യങ്ങളിലെ ഇന്ത്യൻ സമൂഹം ഉൾപ്പെടെയുള്ളവർ പങ്കെടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇതിലൂടെ ലോകമൊട്ടാകെയുള്ള ഇന്ത്യൻ സമൂഹത്തിന് രാജ്യവുമായുള്ള ബന്ധത്തിന്റെ ആഴം വർധിപ്പിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിൻറെ സമ്പന്നമായ പൈതൃകത്തെയും ഊർജസ്വലമായ സംസ്കാരത്തെയും വീണ്ടും അറിയാനുള്ള അവസരമാണിതെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## AMIT SHAH NCDC

സഹകരണമേഖലയിലൂടെ കോടിക്കണക്കിന് കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി അമിത്ഷാ. ന്യൂഡൽഹിയിൽ ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ 91-ാം ജനറൽ കൗൺസിൽ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## PARLIAMENT -ALL PARTY MEETING

തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ നാളെ സർവകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പിന്തുണ ഉറപ്പാക്കാനാണ് യോഗം.

&&&&&&&&&&&&&&&&&&

## INDIA-AUS CRICKET

ബോർഡർ-ഗാവസ്കർ ട്രോഫിക്കായി ഓസ്ട്രേലിയക്കെതിരെ പെർത്തിൽ നടക്കുന്ന ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനം കളി നിർത്തുമ്പോൾ ഇന്ത്യക്ക് 218 റൺസിന്റെ മികച്ച ലീഡ്. രണ്ടാം ഇന്നിങ്സിൽ വിക്കറ്റ് നഷ്ടമാകാതെ ഇന്ത്യ 172 റൺസ് നേടി. ഇന്ത്യയുടെ 150 റൺസിനെതിരെ ആദ്യ ഇന്നിങ്സിൽ ഓസ്ട്രേലിയ 104 റൺസിന് പുറത്തായിരുന്നു. ഇന്ത്യൻ ക്യാപ്റ്റൻ ജസ്പ്രീത് ബുംറ അഞ്ചുവിക്കറ്റ് നേടി.

&&&&&&&&&&&&&&&&&&

## WEATHER-KERALA

കേരളത്തിൽ അടുത്ത 5 ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തെക്കൻ ആൻഡമാൻ കടലിനു മുകളിലായി രൂപപ്പെട്ട ചക്രവാതച്ചുഴി, തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിനു മുകളിൽ ന്യുനമർദ്ദമായി ശക്തി പ്രാപിച്ചതോടെയാണ് മഴയ്ക്ക് സാഹചര്യമൊരുങ്ങുന്നത്.

&&&&&&&&&&&&&&&&&&

## DELHI - POLLUTION

ദേശീയ തലസ്ഥാനമായ ന്യൂഡൽഹിയിൽ വായു ഗുണനിലവാരം ഉച്ചയോടെ വളരെ മോശം അവസ്ഥയിലെത്തിയതായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്. സൂചികയിൽ 423 ആണ് വായു ഗുണനിലവാരത്തിന്റെ അളവ്. അടുത്ത രണ്ട് ദിവസങ്ങളിൽ ഡൽഹിയിൽ രാത്രിയിലും പകലും പുകമഞ്ഞും മൂടൽമഞ്ഞും അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## AP- SPECIAL TRAINS

അയ്യപ്പഭക്തരുടെ തിരക്ക് നിയന്ത്രിക്കുന്നതിനായി ഈസ്റ്റ് കോസ്റ്റ് റെയിൽവേ, ശ്രീകാകുളം റോഡിനും കൊല്ലത്തിനും ഇടയിൽ പ്രത്യേക ട്രെയിനുകൾ പ്രഖ്യാപിച്ചു. വിശാഖപട്ടണം-കൊല്ലം സ്പെഷ്യൽ സർവീസ് നീട്ടിയതായും റെയിൽവേ അറിയിച്ചു. ശ്രീകാകുളത്ത് നിന്ന് കൊല്ലത്തേക്ക് ഡിസംബർ 1 മുതൽ ജനുവരി 26 വരെ എല്ലാ ഞായറാഴ്ചയും, തിരികെ കൊല്ലത്ത് നിന്ന് ഡിസംബർ 2 മുതൽ ജനുവരി 27 വരെ എല്ലാ തിങ്കളാഴ്ചയും ട്രെയിൻ സർവീസ് നടത്തും. വിശാഖപട്ടണം-കൊല്ലം സ്പെഷ്യൽ ട്രെയിൻ ഡിസംബർ 4 മുതൽ ഫെബ്രുവരി 26 വരെ വിശാഖപട്ടണത്ത് നിന്നും എല്ലാ ബുധനാഴ്ചയും, തിരികെയുള്ള ട്രെയിൻ കൊല്ലത്തുനിന്ന് ഡിസംബർ 5 മുതൽ എല്ലാ വ്യാഴാഴ്ചയും സർവീസ് നടത്തും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&